## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 558 11.06.2013 ലെ മറുപടിയ്ക്ക്

### നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ശശി | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ; | (എ) | 2013-14 ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ വാണിജ്യ നികുതി വകുപ്പുമായി ബന്ധപ്പെട്ട് വരുമാനം വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ച നടപടികൾ താഴെപ്പറയുന്നവയാണ്.<br><br>(1). 13.5 ശതമാനം നികുതി നിരക്ക് ബാധകമായിട്ടുള്ള ഉല്പന്നങ്ങളുടെ നികുതി നിരക്ക് 14.5 ശതമാനമായി ഉയർത്തി. ഇതുമൂലം 650 കോടി രൂപയുടെ അധിക വിഭവ സമാഹരണം പ്രതീക്ഷിക്കുന്നു.<br><br>(2). ബീഡി ഒഴികെയുള്ള സിഗരറ്റിന്റെയും സമാന ഉൽപന്നങ്ങളുടെയും നികുതി നിരക്ക് 15% -ൽ നിന്നും 20% ആയി ഉയർത്തിയിട്ടുണ്ട്. ഇതുമൂലം 120 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.<br><br>(3) ബിയർ, വൈൻ എന്നിവ ഒഴികെയുള്ള വിദേശ മദ്യത്തിന്റെ നികുതി നിരക്ക് 100% -ൽ നിന്നും 105% ആയി ഉയർത്തിയിട്ടുണ്ട്. ഈ നടപടിയിലൂടെ 250 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.<br><br>(4) പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി നിയമ പ്രകാരം സാധാരണ നറുക്കെടുപ്പിന്റെ 25 ലക്ഷം രൂപ 30 ലക്ഷം രൂപയായും ബമ്പർ നറുക്കെടുപ്പിന്റെ 50 ലക്ഷം രൂപ 60 ലക്ഷം രൂപയുമായി ഉയർത്തി. 16 കോടി രൂപയുടെ അധിക വരുമാനം ഇതുമൂലം പ്രതീക്ഷിക്കുന്നു.<br><br>(5). പ്ലാസ്റ്റിക് നിർമ്മിതമായ ഡിസ്പോസിബിൾ കപ്പുകൾ, പ്ലേറ്റുകൾ, ഇലകൾ, പോളീ പ്രൊപ്പിലീൻ ക്യാരി ബാഗുകൾ എന്നിവയുടെ നികുതി നിരക്ക് 20% ആയി ഉയർത്തിയിട്ടുണ്ട്. |

(6) മറ്റ് സംസ്ഥാനങ്ങളിലേക്കുള്ള ചരക്കുകൾ വഹിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്തിലൂടെ കടന്നുപോകുന്ന വാഹനങ്ങൾക്ക് അവർ സംസ്ഥാനത്ത് പ്രവേശിക്കുന്ന ചെക്ക് പോസ്റ്റിൽ നിന്നും ട്രാൻസിറ്റ് പാസ് നൽകുന്നതിന് 100 രൂപ ഫീസ് ഈടാക്കാൻ നടപടി സ്വീകരിച്ചു.

(7) കേരള പൊതു വിൽപന നികുതി നിയമം, കേരള ആഡംബര നികുതി നിയമം എന്നിവയുടെ ലംഘനങ്ങളുടെ കോമ്പൗണ്ടിംഗിന് ഈടാക്കാവുന്ന പരമാവധി ഫീസ് 8 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്.

(8) നികുതി സ്രോതസ്സുകൾ വിശാലമാക്കുന്നതിന്റെ ഭാഗമായി പുതുതായി രജിസ്റ്റർ ചെയ്യുന്നവർക്കുള്ള ഒറ്റ തവണ പ്രോത്സാഹന പദ്ധതി ആവിഷ്കരിച്ചു. രജിസ്ട്രേഷൻ എടുക്കാൻ ബാദ്ധ്യതയുള്ള എല്ലാ ഡീലർമാരും 01-07-2013 മുതൽ 30-09-2013 വരെ പ്രാബല്യത്തിലുള്ള ഈ പദ്ധതിയിൽ സ്വമേധയാ രജിസ്രേഷന് അപേക്ഷിച്ചാൽ അവരുടെ മുൻകാല നികുതി ബാധ്യതയിൽ നിന്നും പൂർണമായും ഒഴിവാക്കുന്നതാണ്. എന്നാൽ ബോധപൂർവ്വം രജിസ്ട്രേഷൻ എടുക്കാതിരിക്കുന്ന വ്യാപാരികളെ കണ്ടെത്തുന്നതിന് പദ്ധതിയുടെ കാലയളവിന് ശേഷം മറ്റ് വകുപ്പുകളുടെ പക്കലുള്ള വിവരങ്ങൾ പ്രയോജനപ്പെടുത്തി വകുപ്പ് എല്ലാ വിഭവശേഷിയും ഉപയോഗിച്ച് പ്രവർത്തനം നടത്തുന്നതാണ്. ഈ നടപടിയിൽ നിന്നും 50 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

(9). 31.03.2005 വരെയുള്ള പഴയ നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനു വേണ്ടി ഡീലർമാർക്കായി 2013-ൽ ആംനെസ്റ്റി സ്കീം നടപ്പിലാക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(10) ഇതു കൂടാതെ വകുപ്പിന്റെ സുതാര്യതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുവാൻ ചെക്ക് പോസ്റ്റുകളുടെ പുനരുദ്ധാരണ നടപടികളും പുരോഗമിക്കുന്നു.

**(ബി)** കേന്ദ്ര നികുതി വരുമാനത്തിൽ 50 % സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എത്രശതമാനം ആവശ്യപ്പെടാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ;

**(ബി)** കേന്ദ്ര നികുതി വരുമാനത്തിന്റെ 50% സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കണമെന്ന് സംസ്ഥാനം 13-ാം ധനകാര്യ കമ്മീഷന് സമർപ്പിച്ച നിവേദനത്തിലൂടെ ആവശ്യപ്പെട്ടിരുന്നു.

ഇക്കാര്യത്തിൽ 14-ാം ധനകാര്യ കമ്മീഷനു മുൻപിൽ ഉന്നയിക്കേണ്ട ആവശ്യം സംബന്ധിച്ച് അന്തിമ തീരുമാനമെടുത്തിട്ടില്ല.

| | | | |
|---|---|---|---|
| (സി) | 2012-13- ൽ കേന്ദ്ര വിഹിതമായി എത്രതുക ലഭിച്ചുവെന്നും എത്ര യാണ് ലഭിക്കേണ്ടിയിരുന്നതെന്നും വ്യക്തമാക്കാമോ; | (സി) | അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2012-13 സാമ്പത്തിക വർഷത്തിൽ കേന്ദ്ര നികുതി വിഹിതമായി 6680.36 കോടി രൂപ യാണ് ലഭിച്ചിട്ടുള്ളത്. കേന്ദ്ര ബഡ്ജറ്റിലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 6840.65 കോടി രൂപയാണ് ലഭിക്കേണ്ടിയിരുന്നത്. |
| (ഡി) | കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഏതെല്ലാം ഏജൻസികളിൽനിന്നും എത്ര തുക വീതം കടം എടുത്തു വെന്ന് അറിയിക്കുമോ; | (ഡി) | വകുപ്പുതല കണക്കുകൾ പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എൻ.സി.ഡി.സി - യിൽ നിന്നും 60.49 കോടി രൂപയും നബാർഡിൽ നിന്നും 345.68 കോടി രൂപയും കടം എടുത്തിട്ടുണ്ട്. |
| (ഇ) | മുൻ സർക്കാരിന്റെ കാലത്ത് ഓരോ സാമ്പത്തിക വർഷവും എത്ര തുക വീതം ഏതെല്ലാം ഏജൻസികളിൽ നിന്നും കടം എടുത്തുവെന്ന് വ്യക്തമാക്കാമോ ? | (ഇ) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ.

**<u>അനുബന്ധം</u>**

**<u>(അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം)</u>**

**<u>(തുക കോടിയിൽ)</u>**

| | LIC | GIC | NABARD | NCDC | ആകെ |
|---|---|---|---|---|---|
| 2006-07 | 440 | 40 | 237.51 | 17.19 | 734.7 |
| 2007-08 | 440 | 20 | 195.98 | 94.05 | 750.03 |
| 2008-09 | 350 | 40 | 208.18 | 25.95 | 624.13 |
| 2009-10 | 90 | 39.99 | 351.76 | 43 | 524.75 |
| 2010-11 | 440 | 0 | 414.67 | 83.39 | 938.06 |